## പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.478

30.06.2014 ന് മറുപടിയ്ക്ക്.

### ആനപരിപാലന കേന്ദ്രങ്ങളുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.സി.മമ്മൂട്ടി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പിനുകീഴിലെ ആനപരിപാലന കേന്ദ്രങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (എ) വനം വകുപ്പിനു കീഴിലെ ആന പരിപാലന കേന്ദ്രങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, കേരള വനം വകുപ്പ് ആനകൾക്കായി എൻക്ലോഷർ, ഷെൽട്ടർ, കിടങ്ങുകൾ, സന്ദർശകർക്കായി നടപ്പാത, ചങ്ങലവേലി, ആനക്കൂടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, ആനകളുടെ ഭക്ഷണത്തിനുള്ള തീറ്റപ്പുൽ കൃഷി, ബയോഗ്യാസ് പ്ലാന്റ്, മഴവെള്ള സംഭരണി, വാട്ടർ സപ്ലൈ സൗകര്യങ്ങൾ, ആനപിണ്ഡത്തിൽ നിന്നും പേപ്പർ നിർമ്മിക്കാനുള്ള യൂണിറ്റ്, ആനപ്പന്തി തുടങ്ങിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. |
| (ബി) ഈ കേന്ദ്രങ്ങളോടനുബന്ധിച്ച് ആന സംരക്ഷണ ഗവേഷണ പദ്ധതികൾ നടക്കുന്നുണ്ടോ;<br>വിശദവിവരം നൽകാമോ; | (ബി) വനം വകുപ്പിലെ ആന പരിപാലന കേന്ദ്രങ്ങളോടനുബന്ധിച്ച് ആന സംരക്ഷണ-ഗവേഷണ പദ്ധതികൾ നടക്കുന്നില്ല. |
| (സി) കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് പ്രതിവർഷം എന്തു തുക ചെലവു വരുന്നുണ്ടെന്നും ഈ കേന്ദ്രങ്ങളി-ലെല്ലാം കൂടി എത്ര ആനകൾ ഇപ്പോഴുണ്ടെന്നും വ്യക്തമാക്കുമോ? | (സി) വനം വകുപ്പിലെ ആന പരിപാലന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് പ്രതിവർഷം ഒന്നരക്കോടി രൂപയോളം ചെലവ് വരും. ഈ കേന്ദ്രങ്ങളിൽ ഇപ്പോൾ 26 ആനകളുണ്ട്. |

സെക്ഷൻ ഓഫീസർ